# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം

1

2024 സെപ്റ്റംബർ 23 തിങ്കൾ     പ്രസിദ്ധീകരിക്കുന്നത്   ലിറ്റൽ കൈറ്റ്സ്

## സ്കൂൾ പ്രവേശന ഉത്സവം



കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ പ്രവേശന ഉത്സവം വിദ്യാലയ മുൻ മാനേജർ ജ്യോതി രാമചന്ദ്രൻ നിർവ്വഹിച്ചു .വിദ്യാലയ മാനേജർ യു കൈലാസമണി ,പ്രധാന അദ്ധ്യാപിക കെ വി നിഷ ,പ്രിൻസിപ്പാൾ വി കെ രാജേഷ് ,പി ടി എ പ്രസിഡന്റ് സനോജ് ,വാർഡ് കൗൺസിലർമാർ, അധ്യാപകർ ,മാനേജ്മെന്റ് കമ്മറ്റി അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തു

## പരിസ്ഥിതി ദിനം



കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂളിൽ പരിസ്ഥിതി ദിന ആഘോഷങ്ങളുടെ ഭാഗമായി വിദ്യാലയ മാനേജർ യു കൈലാസമണി .പ്രധാന അദ്ധ്യാപിക കെ വി നിഷ ,വിദ്യാർത്ഥികൾ ചേർന്ന് വൃക്ഷതൈകൾ നടുന്നു

## വായനദിനാചരണവും വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനവും

കർണകയമ്മൻ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രധാനധ്യാപിക ശ്രീമതി കെ വി നിഷ  വായനദിന സന്ദേശം നല്കി സ്കൂൾ തല വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ഉദ്ഘാടനവും പതിപ്പ് പ്രകാശനവും നിർവഹിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദി പ്രസിഡന്റായ നേഹയുടെ നേതൃത്യത്തിൽ കുട്ടികൾ വായനദിന പ്രതിജ്ഞയെടുത്തു. വി ടി ഭട്ടതി രിപ്പാടിന്റെ കണ്ണീരും കിനാവും എന്ന ആത്മകഥ പരിചയപ്പെടുത്തി അർച്ചന വായനയെ പ്രോത്സാഹിപ്പിച്ചു. ശ്വേതയുടെ പ്രസംഗം വായനയുടെ പ്രാധാന്യം ഉദ്ഘോഷിച്ചു. വൈഷ്ണവി  കെ കെ പല്ലശനയുടെ വായന എന്ന കവിതയുടെ  ആലാപനത്തിലൂടെ സാന്ത്വനമേകി.സോണി ടീച്ചർ വായന ദിന ആശംസ നേർന്നു.



## ദീപിക കളർ ഇന്ത്യ പെയിന്റിംഗ്  കോമ്പറ്റീഷൻ



12/08/2024 കർണകയമ്മൻ ഹയർസെക്കൻഡറി സ്കൂൾ മൂത്താൻതറയിൽ ആർട്സ് ക്ലബ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദീപിക കളർ ഇന്ത്യ പെയിന്റിംഗ്  കോമ്പറ്റീഷൻ12-8-2024 ന് സംഘടിപ്പിച്ചു.മത്സരത്തിൽ 8,9,10- ക്ലാസുകളിൽ നിന്നായി 215 വിദ്യാർത്ഥികൾ പങ്കെടുത്തു.

## ജനസംഖ്യ ദിനം



11/07/24 സോഷ്യൽ സയൻസ് club ന്റെ നേതൃത്വത്തിൽ  ജനസംഖ്യ ദിനത്തോടനുബന്ധിച്ചു പോസ്റ്റർ രചനാ മത്സരം നടത്തുകയും പിന്നീട് ശ്വേത(10 c)നേഹ,( 9c) എന്നീ കുട്ടികൾ ജനസംഖ്യയെ കുറിച്ച് സംസാരിച്ചു

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

2

2024 സെപ്റ്റംബർ 23 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

# Aspire English club



Aspire English club for the academic year 2024 was formed on 1st June 2024. Its name indicates" acquisition of symbol productive inspiring rhythm in English" gives life oriented classes, handle language effortlessly, provide more freedom to children. Club consist of 75 members. Sreerag from 9A and Sreedevika from 9th C have been selected as president and secretary respectively.

### poster making

**5/06/24The club conducted various programs for enhancing the learning process in English. Poster making competition was held on 5th June, ( world and environmental day). All the classes actively participated in the competition.Each class has to prepare a poster. It is decided to give away the prizes for the winners in English assembly**

### DRAWING COMPETITION :

**- The club conducted a drawing competition on 14/06/2024 to encourage the artistic talents of the students. Many students actively participated in the competition. The team was textual based"classroom". Winners will be awarded in the English assembly.**

### RECITATION COMPETITION:-

**A recitation competition was held on 05/07/2024. The main aim is to encourage the art of expression of thoughts and understanding, where the meaning of the poem is powerfully and clearly conveyed. Many students actively participated and winners will be awarded in the assembly**

## ENGLISH ASSEMBLY



**The club conducted the School Assembly in English on 29/8/24. As a part of improving language Skills, the club took this initiative , and there by giving opportunities for the students to present their best performances .**

**Anchoring, prayer, pledge, Speech, Newwords , Prize distribution, vote of thanks Were included in the Assembly. Each and everything was Prepared and executed by the students with the Proper guidance of teachers.**

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം

3

2024 സെപ്റ്റംബർ 23 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്


## ലോകസമാധാന സന്ദേശവുമായി സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റ്



കർണ്ണകയമ്മൻ ഹയർസെക്കന്ററി സ്കൂളിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ വിദ്യാലയത്തിൽ നിർമ്മിച്ച ലോകസമാധാനചിഹ്നം.അധ്യാപകരായ രാജേഷ് ,അരുൺ ,പ്രമോദ് ,ജയചന്ദ്രകുമാർ ,പ്രസീജ ,മീനാക്ഷി ,സജിത എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി



”സമാധാനം ഒരുപുഞ്ചിരിയിൽ തുടങ്ങുന്നു ”എന്ന വചനം ഉൾക്കൊണ്ട് കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് വിഭാഗങ്ങളുടെ യൂണിറ്റ് തല യോഗത്തിൽ എച്ച് എം ഇൻചാർജ് പ്രീതടീച്ചർ സമാധാന സന്ദേശം കൈമാറി .യുദ്ധവിരുദ്ധദിനങ്ങളുടെ പ്രാധാന്യത്തെ കുറിച്ചു സീനിയർ അദ്ധ്യാപിക ഉദയ ടീച്ചർ വിദ്യാർത്ഥികളെ ബോധാവത്കരണവും നടത്തി .അധ്യാപകർ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകി .

## ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങളോടനുബന്ധിച്ച് കർണ്ണകയമ്മൻ ഹയ്യർ സെക്കൻ്ററി സ്കൂളിൽ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ നടന്നു




ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങളോടനുബന്ധിച്ച് കർണ്ണകയമ്മൻ ഹയ്യർ സെക്കൻ്ററി സ്കൂളിൽ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ നടന്നു. ആഗസ്റ്റ് 6 മുതൽ വിദ്യാർത്ഥികൾ സമാധാനത്തിൻ്റെ പ്രതീകമായ സഡാകോ കൊക്കുകൾ നിർമ്മിക്കുകയും വിദ്യാലയാങ്കണത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ആഗസ്റ്റ് 9 ന് അസംബ്ലിയിൽ ഹെഡ്മിസ്ട്രസ് ശ്രീമതി നിഷ ടീച്ചർ യുദ്ധവിരുദ്ധ സന്ദേശം നൽകി. ബൊവാസ് , ഗോപിക എന്നീ വിദ്യാർത്ഥികൾ ഈ ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളുമായി പങ്കുവെച്ചു. തുടർന്നു നടന്ന യുദ്ധവിരുദ്ധ റാലിയിൽ സ്കൗട്ട് അൻസ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ്സ്, ലിറ്റിൽകൈറ്റ്സ്, സോഷ്യൽ സയൻസ് എന്നീ ക്ലബ്ബ് അംഗങ്ങൾ പങ്കെടുത്തു. യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങളും, സന്ദേശങ്ങളടങ്ങിയ പ്ലക്കാർഡുകളുമായി വിദ്യാർത്ഥികൾ സമീപ പ്രദേശത്തിലേക്ക് നടത്തിയ റാലിയിലൂടെ സമാധാനത്തിൻ്റെ സന്ദേശം സമൂഹത്തിലേക്കും വ്യാപിപ്പിക്കാൻ സാധിച്ചു

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

കർണ്ണികാരം പത്രം



2024 സെപ്റ്റംബർ 23 തിങ്കൾ                പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

# സ്വാതന്ത്ര്യദിന പരേഡിൽ ഒന്നാംസ്ഥാനം



പാലക്കാട് കോട്ടമൈതാനത്തു നടന്ന ജില്ലാതല സ്വതന്ത്രദിന ആഘോഷപരേഡിൽ സ്കൗട്ട് വിഭാഗത്തിൽ ഒന്നാംസ്ഥാനവും ഗൈഡ്സ് വിഭാഗത്തിൽ മൂന്നാംസ്ഥാനവും നേടിയ കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ



# ഡോക്ടേഴ്സ് ദിനത്തിൽ കുട്ടികളുടെ ആദരം



ദേശീയ ഡോക്ടേഴ്സ് ദിനത്തിൽ കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂളിലെ സ്കൗട്ട്സ് & ഗൈഡ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ പാലക്കാട് മുൻ ഡിഎംഒ ഡോ :എ കെ രാധാകൃഷ്ണൻ അവർകളെ ആദരിച്ചു. ആരോഗ്യരംഗത്തെ കുറിച്ചും പ്രഥമ ശുശ്രൂഷയെ ക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.സീത ടീച്ചർ ആരോഗ്യത്തെ കുറിച്ച് കവിത ചൊല്ലുകയും ചെയ്തു .അധ്യാപകരായ രാജേഷ് ,ജയചന്ദ്രൻ വിദ്യാർത്ഥികളായ നിതുൽകൃഷ്ണ ,കാരുണ്യവർഷൻ ,ശ്രേയസ്സ് ,വിനു ,ദിനേഷ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു .

# യോഗാദിനം ആചരിച്ചു



കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂളിൽ സ്കൗട്ട്സ് ,ഗൈഡ്സ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ട്രൂപ്പ് ലീഡർ അവിനാശ് കൃഷ്ണയുടെ നേതൃത്വത്തിൽ യോഗാദിനം ആചരിച്ചു.യോഗാ ദിനത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ ബോധവത്കരിച്ചു .അധ്യാപകരായ രാജേഷ് ,അരുൺ ,അനൂപ് ,ജയചന്ദ്രൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

5

2024 സെപ്റ്റംബർ 23 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

## ഇൻവെസ്റ്റിച്ചർ സെറിമണി



കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂളിലെ ഗൈഡ് യൂണിറ്റുകളുടെ ഉദ് ഘാടനവും വിദ്യാർത്ഥികളുടെ ഇൻവെസ്റ്റിച്ചർ സെറി മണിയും നടന്നു. ഗൈഡ് ക്യാപ്റ്റൻ മാരായ മീനാക്ഷി ടീച്ചർ, പ്രസീജ ടീച്ചർ, സജിത ടീച്ചർ എന്നിവർ നേതൃത്വം നൽകി. പാലക്കാട് ജില്ലാ ഗൈഡ് വിഭാഗം ലീഡർ ട്രെയിനർ  പാർവ്വതി മൂസത്, പ്രിൻസിപ്പാൾ വി കെ രാജേഷ്, പ്രധാന അധ്യാപിക കെ വി നിഷ,എസ് ആർ ജി കൺവീനർ പ്രീത ടീച്ചർ, ഡി ഒ സി സ്കൗട്ട് രാജേഷ്, അരുൺ, ജയ ചന്ദ്ര കുമാർ എന്നിവർ ആശംസകളും നേർന്നു.തുടർന്ന് വിദ്യാർത്ഥി കൾക്കായി പാർവ്വതി ടീച്ചർ മോട്ടിവേഷൻ ക്ലാസ്സും നൽകി

## ജേഴ്സികൾ നൽകി



സേവന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി പാലക്കാട് ഇന്നർ വീൽ ക്ലബ്ബ് കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂളിലെ  എല്ലാസ്കൗട്ട് അംഗങ്ങൾക്കും ജേഴ്സികൾ നൽകി.. ട്രൂപ്പ് ലീഡർ കാരുണ്യവർഷൻ പാലക്കാട് ഡെപ്യൂട്ടി ഡി എം ഒ  ഡോ : ഗീതു മറിയ ജോസഫിൽ നിന്നും ജേഴ്സി കൾ സ്വീകരിക്കുന്നു. ഇന്നർ വീൽ ക്ലബ്ബ് പ്രസിഡന്റ് മിനി സജീവൻ, മുൻ പ്രസിഡന്റ് സുനിത മുരളീധരൻ, സെക്രട്ടറി അനിത സേതുമാധവൻ,ആശ  എന്നിവർ സമീപം.

## തൃതീയ സോപാൻ



കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പാലക്കാട് ജില്ലാ അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന തൃതീയ സോപാൻ ടെസ്റ്റിൽ വിജയിച്ച കർണ്ണകയമ്മൻ ഹയർസെക്കന്ററി സ്കൂളിലെ സ്കൗട്ട് യൂണിറ്റ്

## വൃക്ഷതൈകൾ നടുന്നു



കർണ്ണകയമ്മൻ  ഹയർ സെക്കന്ററി സ്കൂളിൽ പരിസ്ഥിതി ദിന ആഘോഷങ്ങളുടെ ഭാഗമായി വിദ്യാലയ മാനേജർ യു കൈലാസമണി .പ്രധാന അദ്ധ്യാപിക കെ വി നിഷ ,വിദ്യാർത്ഥികൾ ചേർന്ന് വൃക്ഷതൈകൾ നടുന്നു .

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

6

2024 സെപ്റ്റംബർ 23 തിങ്കൾ    പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്


## സാഹിത്യസമാജം ഉദ്ഘാടനം വിജയോത്സവം





23/07/24സാഹിത്യസമാജം ഉദ്ഘാടനം വിജ്ജോത്സവം നടത്തി. കർണകിയമ്മൻ ഹയർസെക്കൻഡറി സ്കൂളിൽ2024-25 അധ്യായന വർഷത്തിലെ സാഹിത്യ സമാജം ഉദ്ഘാടനവും വിജോത്സവവും നടത്തി.പ്രശസ്ത സോപാനസംഗീത കലാകാരി ശ്രീമതി നീന വാര്യർ ഉദ്ഘാടനം നിർവഹിച്ചു. പരിപാടിയിൽ പിടിഎ പ്രസിഡണ്ട് അധ്യക്ഷഭാഷണം നടത്തി. പാലക്കാട് നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ പി സാബു, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ഉഷ മാനാട്ട് KAS എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. പ്രിൻസിപ്പാൾ രാജേഷ് വി കെ സ്വാഗത പ്രസംഗം നടത്തി. സ്കൂൾ പ്രധാന അധ്യാപിക ശ്രീമതി കെ വി നിഷ ടീച്ചർ ആമുഖപ്രഭാഷണം നടത്തി സ്കൂൾ മാനേജർ യു കൈലാസ മണി വിശിഷ്ട അതിഥികളെ ആദരിച്ചു. എസ് എം പി ചെയർപേഴ്സൺ ശ്രീമതി KC സിന്ധു,കെ ഇ എസ് സെക്രട്ടറി ബി രാജഗോപാലൻ, ഹൈസ്കൂൾ വിഭാഗം സ്റ്റാഫ് സെക്രട്ടറി സി പ്രീത, ഹയർ സെക്കൻഡറി വിഭാഗം സ്റ്റാഫ് സെക്രട്ടറി ആർ സ്മിത എന്നിവർ വിജയികൾക്ക് ആശംസകൾ നേർന്നു.

## വായനദിനം



19/06/24മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇന്ന് വായനദിനം ആചരിച്ചു. HMനിഷ ടീച്ചർ വായനദിന സന്ദേശം കുട്ടികൾക്ക് പറഞ്ഞു കൊടുത്തു.തുടർന്ന് വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ പതിപ്പ് പ്രകാശനം ചെയ്തുകൊണ്ട് എച്ച് എം നിഷ ടീച്ചർ വിദ്യാരംഗം കലാസാഹിത്യ വേദി ഔപചാരികമായി ഉദ്ഘാടനം നിർവഹിച്ചു.9c യിൽ പഠിക്കുന്ന നേഹ വായന ദിന പ്രതിജ്ഞ ചൊല്ലി കൊടുത്തു. തുടർന്ന് 10c യിലെ അർച്ചന കണ്ണീരും കിനാവും ആത്മകഥയിലെ ഒരു ഭാഗം പരിചയപ്പെടുത്തി. 10c യിലെ ശ്വേത പുസ്തകവായനയുടെ പ്രാധാന്യത്തെ കുറിച്ച് പ്രസംഗം അവതരിപ്പിച്ചു. 8Eയിലെ വൈഷ്ണവി കവിത ചൊല്ലി. തുടർന്ന് സോണി ടീച്ചർ വായനദിന ആശംസകൾ നേർന്നു

## ബഷീർ ദിനം





ബഷീർ ദിനത്തോടനുബന്ധിച്ച് മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് തലത്തിൽ കുട്ടികൾ പതിപ്പ് തയ്യാറാക്കുകയും.ക്വിസ് മത്സരം, ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ എന്നിങ്ങനെ വിവിധ പരിപാടികൾ നടന്നു. കൂടാതെ അസംബ്ലിയിൽ ബഷീർ എന്ന കഥാപാത്രത്തെയും അദ്ദേഹത്തിന്റെ കൃതികളെ പരിചയപ്പെടുത്തുകയും ചെയ്തു. കൂടാതെ വിജയികളായവർക്ക് എച്ച് എം കെ വി നിഷ ടീച്ചർ സർട്ടിഫിക്കറ്റ് നൽകി.

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

7

2024 സെപ്റ്റംബർ 23 തിങ്കൾ    പ്രസിദ്ധീകരിക്കുന്നത്   ലിറ്റൽ കൈറ്റ്സ്


## ചാന്ദ്രദിനാചരണം

കർണകയമ്മൻ ഹൈസ്കൂളിൽ വിവിധ പരിപാടികളോടെ ലോക ചാന്ദ്ര ദിനം ആചരിച്ചു. ചാന്ദ്രദിന പ്രസംഗം മണികണ്ഠൻ . ആർ അവതരിപ്പിച്ചു. ചന്ദ്രനില്ലാതെ ഭൂമിയിൽ ജീവൻ നിലനിൽക്കാനാവുമോ എന്ന ആശയം പങ്കുവച്ചു.കുട്ടികൾ തയാറാക്കിയ കോളാഷ്, പോസ്റ്റർ എന്നിവ പ്രദർശിപ്പിച്ചു. 40 ഓളം വിദ്യാർഥികൾ പങ്കെടുത്ത ക്വിസ് മത്സരം ആവേശകരവും രസകരമായിരുന്നു. നേഹ.എച്ച് ഒന്നാം സ്ഥാനവും, ഐശ്വര്യ. ജി രണ്ടാം സ്ഥാനവും, റിൻഫ ഫാത്തിമ. എൻ മൂന്നാം സ്ഥാനവും നേടി.



'മനുഷ്യൻ ചന്ദ്രനിൽ ' എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു .എട്ടാം തരത്തിൽ സന അൻവർ ഒന്നാം സ്ഥാനവും സൗരവ് കൃഷ്ണ. എസ്, രണ്ടാം സ്ഥാനവും നേടി. ഒൻപതാം തരത്തിൽ നിതുൽ കൃഷ്ണ, അദ്വൈത് കൃഷ്ണ എന്നിവർ ഒന്നാം സ്ഥാനവും, ശ്രീശാന്ത് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.പത്താം തരത്തിൽ കൗസ്തുഭ. ജി ഒന്നാം സ്ഥാനവും ആദർശ്. എസ് രണ്ടാം സ്ഥാനവും നേടി. ബഹുമാനപ്പെട്ട പ്രധാനാധ്യാപിക കെ. വി നിഷ ടീച്ചർ വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത് അഭിനന്ദനങ്ങൾ അറിയിച്ചു.

## സ്കൂൾ ഇലക്ഷൻ

16/ 8 /24ന് സ്കൂൾ ലീഡർ , ആർട്ട് ക്ലബ് സ്പോട്സ് സെക്രട്ടറി എന്നീ വിഭാഗങ്ങളിലേക്കായി വാശിയേറിയ ഇലക്ഷൻ നടന്നു .



സ്കൂൾ ലീഡർ

അരുൺ ശ്രീധർ ഹയർ സെക്കൻഡറി

ആദിത് ഹൈസ്കൂൾ



ആർട്ട് ക്ലബ് സെക്രട്ടറി ഗോപിക പി

സ്പോർട്സ് സെക്രട്ടറി ധനഞ്ജയ് രാം പി



## നേത്ര പരിശോധന ക്യാമ്പ്



കർണകയമ്മൻ ഹയർ സെക്കന്ററി വിദ്യാലയത്തിൽ ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ്, JRC യൂണിറ്റ് എന്നിവയുടെ ആ ഭിമുഖ്യത്തിൽ ട്രിനിറ്റി ഐ കെയർ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ 04/07/2024 ന് നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.ഹെഡ് മിസ്ട്രെസ് കെ വി നിഷ ടീച്ചർ ക്യാമ്പ് ഉദ്ഘാ ടനം ചെയ്തു.വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും അധ്യാപക അനദ്ധ്യാപകരും നേത്രപരിശോധ നടത്തി.ഓഫ്ത്താൽമോളജിസ്റ്റ് ആയ ശ്രീജേഷ് നേത്രപരിചരണത്തിന് വേണ്ട നിർദേശങ്ങൾ നൽകി. സമയബന്ധിതമായി ക്യാമ്പ് സംഘടിപ്പിക്കാൻ സഹായിച്ച JRC കുട്ടികളുടെ സേവനം അഭിനന്ദനീയമായിരുന്നു.

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

8

2024 സെപ്റ്റംബർ 23 തിങ്കൾ    പ്രസിദ്ധീകരിക്കുന്നത്    ലിറ്റൽ കൈറ്റ്സ്

## സംസ്കൃതദിനാചരണം





കർണ്ണകയമ്മൻ ഹയർ സെക്കൻഡറി വിദ്യാലയത്തിൽ ഓഗസ്റ്റ് 22ന് സംസ്കൃത ദിനാചരണം നടത്തി .HM കെ വി നിഷ ടീച്ചർ സംസ്കൃത സന്ദേശം കുട്ടികൾക്ക് നൽകി.സ്റ്റാഫ് സെക്രട്ടറി പ്രീത ടീച്ചർ ആശംസ അർപ്പിച്ചു.കുട്ടികളുടെ വിവിധ പരിപാടികളും ഉണ്ടായിരുന്നു.സന അൻവർ സംസ്കൃതദിന പ്രതിജ്ഞ ചൊല്ലികൊടുത്തു.ഗോപിക പ്രസംഗം അവതരിപ്പിച്ചു.കുട്ടികൾ തയ്യാറാക്കിയ സുഭാഷിത സമാഹാരം പ്രകാശനം ചെയ്തു.
കുട്ടികളുടെ സംഘഗാനം ഉണ്ടായിരുന്നു. 'അനന്തിക സുഭാഷിതം ചൊല്ലി.സംസ്കൃത ദിനവുമായി ബന്ധപ്പെട്ട് നടത്തിയവിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം നൽകി.കുട്ടികൾ എല്ലാവരും സംസ്കൃത ദിന ആശംസ കാർഡുകൾ നിർമ്മിച്ചു.കുട്ടികളുടെ വിവിധ രചനകൾ,സുഭാഷിതങ്ങൾ ,ആശംസ കാർഡുകൾ എന്നിവ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു.സംസ്കൃത അധ്യാപിക സുജാത ടീച്ചർ എല്ലാവർക്കും സംസ്കൃതദിന ആശംസയും നന്ദിയും അർപ്പിച്ചുകൊണ്ട് സംസ്കൃത പരിപാടി അവസാനിപ്പിച്ചു.

## സംസ്കൃത പഠനയാത്ര





കർണ്ണകയമൻ ഹയർ സെക്കൻഡറി വിദ്യാലയത്തിൽ സംസ്കൃത ദിനചരണവുമായി ബന്ധപ്പെട്ട് ഒരു പഠനയാത്ര ഓഗസ്റ്റ് 23 ന് നടത്തി.ചെറുതുരുത്തി കലാമണ്ഡലം ,വള്ളത്തോൾ മ്യൂസിയം, കുഞ്ചൻ നമ്പ്യാർ സ്മാരകം , വരിക്കാശ്ശേരി മന  എന്നിവിടങ്ങളിലേക്ക് ആയിരുന്നു യാത്ര. 40 കുട്ടികളും 5 അധ്യാപകരും യാത്രയിൽ ഉണ്ടായിരുന്നു.വളരെ രസകരമായതും അനുഭവസമ്പത്തുള്ളതുമായിരുന്നു യാത്ര . കുട്ടികൾ വളരെയധികം ഇഷ്ടപ്പെടുകയും സന്തോഷിക്കുകയും ചെയ്തു. അവർക്ക് ഇത് പുതിയ ഒരു അനുഭവമായിരുന്നു. :പൊതുവേ പഠനയാത്ര വളരെ രസകരവും ഉല്ലാസ്സഭരിതവുമായിരുന്നു.

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

9

2024 സെപ്റ്റംബർ 23 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

## സ്വാതന്ത്ര്യ ദിനം





78 മത്തെ സ്വാതന്ത്ര്യ ദിനം കർണകിയമ്മൻ ഹയർസെക്കൻഡറി സ്കൂളിൽ വർണാഭമായി ആഘോഷിച്ചു . പ്രിൻസിപ്പൽ രാജേഷ് സാർ പതാക ഉയർത്തി. ഹയർസെക്കൻഡറി സ്കൂളിലെ ദശരത് ദേശീയ ഗാനം ആലപിച്ചു. മണികണ്ഠൻ കുട്ടികൾക്ക് പ്രതിജ്ഞ ചൊല്ലി കൊടുത്തു. തുടർന്ന് പ്രിൻസിപ്പൽ രാജേഷ്സാർ H M നിഷ ടീച്ചർ സ്വാതന്ത്ര്യദിന സന്ദേശം നൽകി. അതിനുശേഷം ഹയർസെക്കൻഡറി കുട്ടികൾ പതാക ഗാനംആലപിച്ചു .തുടർന്ന് പിടിഎ പ്രസിഡണ്ട് കെ ഇ എസ് സെക്രട്ടറി രാജഗോപാൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്കുള്ള സമ്മാനം HM നിഷടീച്ചറിൽ നിന്നും കുട്ടികൾ ഏറ്റുവാങ്ങി. ഒന്നാം സ്ഥാനം നേഹ 9c,രണ്ടാം സ്ഥാനം അഭയതാര പി 8f, മൂന്നാം സ്ഥാനം ശ്രേയ H.+2 സയൻസിലെ ദശരത് ദേശഭക്തിഗാനം ആലപിച്ചു. തുടർന്ന് പ്ലസ് വൺ സയൻസിലെ അധ്യ സ്വാതന്ത്ര്യദിനത്തെ കുറിച്ച് പ്രസംഗം അവതരിപ്പിച്ചു.വന്ദേ മാതരം അഞ്ജലി കൃഷ്ണ & ഗ്രൂപ്പ് ആലപിച്ചു. തുടർന്ന് കുട്ടികൾക്ക് മധുരവിതരണം നടത്തി.

## ഓണം പ്രൗഢഗംഭീരമായി ആഘോഷിച്ചു



പാലക്കാട് കർണകിയമ്മൻ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ഓണാഘോഷം



13/9/24 ന് കർണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂളിൽ ഓണം പ്രൗഢഗംഭീരമായ ആഘോഷിച്ചു. പൂക്കള മത്സരം, വടം വലി, ഡിജിറ്റൽ പൂക്കളം എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ വിവിധങ്ങളായ കലാപരിപാടികൾ പായസവിതരണം എന്നിവ നടന്നു. വിദ്യാലയത്തിലെ പ്രഥമാധ്യപകർ, പ്രിൻസിപ്പാൾ , മാനേജർ , പി ടി എ പ്രസിഡന്റ് , സ്റ്റാഫ് സെക്രട്ടറി എന്നിവർ വിദ്യാർത്ഥികൾക്ക് ഓണാശംസകൾ നേർന്നു.

# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം

2024 സെപ്റ്റംബർ 23 തിങ്കൾ — പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

## റേഡിയോയിൽ പത്ര വാർത്ത



കർണ്ണിക റേഡിയോയിൽ പത്രവാർത്ത വായിക്കുന്നത് Kites വിദ്യാർത്ഥികളാണ്.

## LKസർട്ടിഫിക്കറ്റ് വിതരണം



21-24ബാച്ചിൽ kite ലെ 40 വിദ്യാർത്ഥികളും എ ഗ്രേഡ് ഓടുകൂടി ഗ്രേസ് മാർക്കിന് അർഹത നേടുകയും HM നിഷ ടീച്ചറുടെ കയ്യിൽ നിന്നും സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി

## LK അഭിരുചി പരീക്ഷ



എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് LK അഭിരുചി പരീക്ഷ നടത്തി. 83 കുട്ടികളാണ് പേര് നൽകിയത് 78 പേരാണ് പരീക്ഷ എഴുതിയത്. 26/6/24 ന് റിസൽട്ട് പ്രഖ്യാപിക്കുകയും അതിൽ 40 പേർക്ക് സെലക്ഷൻ ലഭിച്ചതായും അറിഞ്ഞു . റിസൾട്ട് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു .

## ഹെൽപ് ഡെസ്ക്



20/05/2021 to 24/05/24 തീയതികളിൽ ആയി കർണ്ണകയമ്മൻ സ്കൂളിലെ 2022-25 ബാച്ചിലെ LK കുട്ടികൾ ഹയർസെക്കൻഡറി പ്രിൻസിപ്പാളുമായി ചേർന്നു പ്ലസ് വൺ അഡ്മിഷന്റെ ഹെൽപ് ഡെസ്ക് രൂപീകരിക്കുകയും ഫോം ഫില്ല് ചെയ്യുവാനും ,രക്ഷിതാക്കൾ ചോദിക്കുന്ന സംശയത്തിന് ഉത്തരം നൽകുകയും ചെയ്തു. LKകുട്ടികളുടെ ആത്മാർത്ഥമായ ഈ പരിശ്രമത്തിൽ പ്രിൻസിപ്പാൾ രാജേഷ് സാർ വിദ്യാർത്ഥികളെ അനുമോദിച്ചു

## പ്രിലിമിനറി ക്യാമ്പ്



കർണ്ണ കയമ്മൻ സ്കൂളിൽ 2024 ആഗസ്റ്റ് 29 ന് നടന്ന പ്രിലിമിനറി ക്യാമ്പിൽ കൈറ്റ് മാസ്റ്റർ ട്രെയിനർ ആയ ലൈവ്ൻ പോൾ നേതൃത്വം വഹിച്ചു. അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ്, റോബോട്ടിക് എന്നീ വിഷയങ്ങളിൽ അടിസ്ഥാനപ്പെടുത്തിയായിരുന്നു ക്ലാസുകൾ നടന്നത്

## രക്ഷാകർതൃ സംഗമം




2024-27 ബാച്ചിലെ കൈറ്റ്സ് വിദ്യാർഥികളുടെ രക്ഷിതാക്കൾക്കുള്ള മീറ്റിംഗ് സംഘടിപ്പിച്ചു. കൈറ്റ്സിലെ കുട്ടികൾ ആർജിച്ചെടുക്കുന്ന കഴിവുകളെ കുറിച്ചും , അവർ സമൂഹത്തോട് എത്രത്തോളം പ്രതിബദ്ധരായിരിക്കണം എന്നതിനെക്കുറിച്ചും ആണ് മീറ്റിംഗിൽ അവതരിപ്പിച്ചത്.ക്യാമ്പിലെ അനുഭവങ്ങളെ കുറിച്ച് കുട്ടികൾ രക്ഷിതാക്കളുമായി പങ്കുവെച്ചു .ജില്ലാ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ അവരുടെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ മുന്നിൽ പ്രദർശിപ്പിച്ചു.

## നെയിം സ്ലിപ്
## ബസ് കാർഡ്
## ഗേറ്റ് പാസ്സ്



25/5/24 to 25/08/24 തീയതികളിലായി 22-25 ബാച്ചിലെ LK വിദ്യാർത്ഥികളായ ആദർശ് എസ്, അഭിഷേക് എന്നിവർ സ്കൂളിന്റെ പേരിലുള്ള നെയിം സ്ലിപ് തയ്യാറാക്കി. മാത്രമല്ല ബസ് കാർഡ്, ഗേറ്റ് പാസ്സ് എന്നിവ തയ്യാറാക്കി

## കൈറ്റ്സ് വർക്ക് ബുക്ക് വിതരണം




2024-27 ബാച്ചിലെ കൈറ്റ്സ് വിദ്യാർഥികൾക്ക് വർക്ക് ബുക്ക് കൊടുക്കുവാൻ തീരുമാനിച്ചതിന് തുടർന്ന് . വർക്ക് ബുക്കുകൾ ബൈൻഡ് ചെയ്ത് തയ്യാറാക്കുകയും . പിടിഎ പ്രസിഡന്റ് സീ സനോജ്,എച്ച് എം നിഷ ടീച്ചർ എന്നിവരിൽ നിന്നും പ്രവർത്തന പുസ്തകം 40 ഓളം വിദ്യാർത്ഥികൾ ഏറ്റുവാങ്ങി

# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

2024 സെപ്റ്റംബർ 23 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്






ജിമ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 9 - A യിൽ പഠിക്കുന്ന ശ്രീശാന്ത് വരച്ച മഹാബലിയുടെ ഡിജിറ്റൽ പെയിന്റിംഗ്

## ഡിജിറ്റൽ പൂക്കള മത്സരം





ഒന്നാം സ്ഥാനത്തിന് അർഹത നേടിയ ഡിജിറ്റൽ പൂക്കളം

13/9/24 ന് നടന്ന ഓണാഘോഷ പരിപാടിയുടെ ഭാഗമായി ഡിജിറ്റൽ പൂക്കളം കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തി . ഇരുപതോളം വിദ്യാർഥികളാണ് പങ്കെടുത്തത് .inkscape എന്ന software ലാണ് വിദ്യാർത്ഥികൾ പൂക്കളം നിർമ്മിച്ചത്.10 മണി മുതൽ 12 മണി വരെ നടന്ന ഡിജിറ്റൽ പൂക്കള മത്സരത്തിൽ മൂന്നു വിദ്യാർത്ഥികൾ സമ്മാനത്തിന് അർഹരായി.

## മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റ്







## ജില്ലാതല സെമിനാർ

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ "മുകുന്ദനും മയ്യഴിപ്പുഴയുടെ തീരങ്ങളിലും " എന്ന് വിഷയത്തിൽ ജില്ലാതലത്തിൽ നടത്തിയ സെമിനാറിൽ നേഹക്ക് നാലാം സ്ഥാനം ലഭിച്ചു.ഒറ്റപ്പാലം ബി ആർ സിയിൽ വച്ചാണ് ജില്ലാതല സെമിനാർ നടന്നത്. നേഹ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥി കൂടിയാണ്. വിഷയവുമായി ബന്ധപ്പെട്ട് പ്രസന്റേഷനും തയ്യാറാക്കിയിരുന്നു.




## ഐഡി കാർഡ് ബാഡ്ജുകൾ എന്നിവ വിതരണം ചെയ്തു



2024 -27 അദ്ധ്യായന വർഷത്തെ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് ബാഡ്ജുകൾ നൽകാൻ തീരുമാനിച്ചതിനെ തുടർന്ന് എച്ച് എം കെ വി നിഷ ടീച്ചർ വിദ്യാർത്ഥികൾക്ക് ബാഡ്ജ്, ഐഡി കാർഡ് എന്നിവ വിതരണം ചെയ്തു.



## കൈറ്റ്സ് വാർത്ത

2024- 27 ബാച്ചിലെ കൈറ്റ്സ് പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വാർത്തവീഡിയോ തയ്യാറാക്കി. കൈറ്റ്സ് അദ്ധ്യാപകരുടെ സഹായത്തോടെ എട്ടാം ക്ലാസിലെ വിദ്യാർത്ഥിയായ വൈഷ്ണവി വാർത്തകൾ വായിക്കുകയും മറ്റു വിദ്യാർത്ഥികൾ റിപ്പോർട്ട് തയ്യാറാക്കി എഡിറ്റിംഗ് ചെയ്ത് ,കർണ്ണകി ടിവി ചാനലിലേക്ക് അപ്‌ലോഡ് ചെയ്യുവാനും പഠിച്ചു

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം

12

2024 സെപ്റ്റംബർ 23 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

# ഞങ്ങളുടെ അഭിമാന താരങ്ങൾ




നാഗ്പൂരിൽ നടന്ന ദേശീയ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ സബ്ജൂനിയർ വിഭാഗത്തിൽ വെങ്കല മെഡൽ നേടിയ പി അഭിഷേക്



പാലക്കാട് സബ്ജില്ലാ വിദ്യാരംഗം കലാസാഹിത്യവേദി ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ സാഹിത്യ സെമിനാറിൽ ഒന്നാം സ്ഥാനം നേടിയ നേഹ

## ഒന്നാം സ്ഥാനം



പാലക്കാട് ഉപജില്ലാ ജൂനിയർ ആൺകുട്ടികളുടെ കബഡി ടൂർണമെന്റിൽ ഒന്നാം സ്ഥാനം നേടിയ കർണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ ടീം

## രണ്ടാം സ്ഥാനം



പാലക്കാട് ഉപജില്ലാ ജൂനിയർ പെൺകുട്ടികളുടെ ഖോ ഖോ ടൂർണമെന്റിൽ രണ്ടാം സ്ഥാനം നേടിയ കർണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ ടീം



## മൂന്നാം സ്ഥാനം

പാലക്കാട് ഉപജില്ലാ ജൂനിയർ ആൺകുട്ടികളുടെ ഫുട്ബോൾ ടൂർണമെന്റിൽ മൂന്നാം സ്ഥാനം നേടിയ കർണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ ടീം

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

13

2025 മാർച്ച് 3 തിങ്കൾ    പ്രസിദ്ധീകരിക്കുന്നത്    ലിറ്റൽ കൈറ്റ്സ്

# ഞങ്ങളുടെ അഭിമാന താരങ്ങൾ

## ദേശീയ സ്കൂൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ്



സ്കൂളിന് പൊൻതൂവലായി 8 ആം തരം വിദ്യാർത്ഥി ഫാദിയ ഫാത്തിമ. ഡൽഹിയിൽ നടക്കുന്ന ദേശീയ സ്കൂൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ കേരള ടീമിലേക്ക് എട്ടാം ക്ലാസിൽ പഠിക്കുന്ന ഫദിയാ ഫാത്തിമ എന്ന വിദ്യാർത്ഥിയെ തിരഞ്ഞെടുത്തു .

## NATIONAL JAMBOORI



നാഷണൽ ജാംബൂരിയിൽ പാലക്കാടിൽ നിന്ന് 8 സ്കൗട്ട് വിദ്യാർത്ഥികൾക്ക് സെലക്ഷൻ ലഭിച്ചവരിൽ മൂന്നു വിദ്യാർത്ഥികൾ khss ലെ കുട്ടികളാണ്.

## സംസ്കൃതം സ്കോളർഷിപ്പ്



കേരള പൊതുവിദ്യാഭ്യാസവകുപ്പ് നടത്തുന്ന സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ ( 2024-25 )HS വിഭാഗത്തിൽKHSS മൂത്താന്തറ വിദ്യാലയത്തിലെ 6 കുട്ടികളും ഉന്നത വിജയം കൈവരിച്ചിരിക്കുന്നു.Sreekesh 10 A,Sadhika M10 C,Karthika K 9C ,Karthika. S. 9 C ,Sanjay R, 8A,Nrithwid P. 8A

## ഹാമർ ത്രോ



കായികമേളയിൽ റവന്യൂ ജില്ലാതലത്തിൽ സീനിയർ ബോയ്സ് ഹാമർ ത്രോയിൽ സെക്കൻഡ് നേടി നവനീത് കൃഷ്ണ

## ജില്ല ലിറ്റിൽ കൈറ്റ്സ്



സബ്ജില്ലാ ലിറ്റിൽ കൈറ്റ്സ് ക്യാമ്പിൽ പങ്കെടുത്ത 8 വിദ്യാർത്ഥികളിൽ നിന്നും അനിമേഷൻ വിഭാഗത്തിൽ തിരഞ്ഞെടുത്ത ശ്രീശാന്തിന് ജില്ല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം



2025 മാർച്ച് 3 തിങ്കൾ പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

# ഞങ്ങളുടെ അഭിമാന താരങ്ങൾ

## കേരള സ്റ്റേറ്റ് സ്കൂൾചാമ്പ്യൻഷിപ്പ്



66 മത്തെ കേരള സ്റ്റേറ്റ് സ്കൂൾ ചാമ്പ്യൻഷിപ്പ് കർണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കുന്ന ശ്യാം ബ്രോൺസ് മെഡൽ നേടി

## പ്രവർത്തി പരിചയമേളയിൽ



കുഞ്ഞു കൈകളിൽ മെരുങ്ങി വിതുളിയും കൊട്ടും വടിയും-

Abhinaya R
8C

## IT മേളയിൽ



ജില്ലാ ഐടി മേളയിൽ വെബ് പേജ് ഡിസൈനിങ്ങിൽ സെലക്ഷൻ ലഭിച്ച ജിതിൻ


## സംസ്ഥാന ശാസ്ത്രമേള







ആലപ്പുഴയിൽ വച്ച് നടന്ന കേരളസ്കൂൾശാസ്ത്രോത്സവത്തിലെ ഗണിത ശാസ്ത്രമേളയിൽ പങ്കെടുത്ത വിവേക്, യോഗേഷ് , ഗോപിക എന്നിവർ A grade ന് അർഹത നേടി.



ശാസ്ത്രമേളയിൽ ഹൈസ്കൂൾ വിഭാഗം സയൻസ് സ്റ്റിൽ മോഡലിൽ എ. കാർത്തികയും , എസ് കാർത്തികയും Agrade കരസ്ഥമാക്കി.

## മൃദംഗം



ജില്ലാ കലോത്സവത്തിൽ മൃദംഗത്തിൽ സെലക്ഷൻ ലഭിച്ച വിഗ്നേഷ്

## ബ്രൗൺസ് മെഡൽ നേടി



പാലക്കാട് സബ് ജില്ലാ സ്പോർട്സിൽ 3000 മീറ്റർ റണ്ണിങ് റേസിൽ വിശ്വപ്രകാശ് മൂന്നാം സ്ഥാനം നേടി.

# ഞങ്ങളുടെ അഭിമാന നിമിഷങ്ങൾ



രാജ്യ പുരസ്കാറിൽ 100%നേടി കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ. 17 സ്കൗട്ടുകൾ രാജ്യപുരസ്കാർ അവാർഡ് നേടി



sub jilla സംസ്കൃത തോത്സവത്തിൽ 1st runner up നേടി



ഐടി സബ്ജില്ലാ മേളയിൽ ഒന്നാം സ്ഥാനത്തിൽ എത്തി



ഗണിതശാസ്ത്ര മേളയിൽ ഓവറോൾ ട്രോഫി നേടിയപ്പോൾ

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം

16

2025 മാർച്ച് 3 തിങ്കൾ പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്


## സ്കൂൾ കലാമേളയിലും, കായികമേളയിലും വാശിയേറിയ മത്സരങ്ങൾ നടന്നു.








കർണകയമ്മൻ ഹയർ സെക്കൻഡറി സ്കൂൾ കലോത്സവം ധ്വനി -2024 സിനിമ പിന്നണി ഗായകൻ ശ്രീഹരി പാലക്കാട് സെപ്റ്റംബർ 26 ന് ഉത്ഘാടനം ചെയ്തു. PTA പ്രസിഡന്റ് ശ്രീ സനോജ് അധ്യക്ഷത വഹിച്ചു. മാനേജർ യു കൈലാസ മണി, പ്രിൻസിപ്പൽ വി. കെ രാജേഷ് , സി പ്രീത, ആർ സ്മിത, സി. ആർ സുജാത,ശ്രുതി പി ടി എ അംഗം, പി പി നുസൈബ, എസ് എം സി ചെയർപേഴ്സൺ ടി രമ്യ എന്നിവർ പങ്കെടുത്തു. സെപ്റ്റംബർ 26,27 തിയതികളിൽ ആയി രചനാ മത്സരങ്ങളും (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ചിത്രരചന ) സംസ്കൃതോത്സവം നടന്നു കൂടാതെ മൃദംഗം, ഭരതനാട്യം, ശാസ്ത്രീയ സംഗീതം, സംഘനൃത്തം,ഒപ്പന,നാടൻപാട്ട്,ദഫ്മുട്ട്,കോൽക്കളി,തിരുവാതിര, തുടങ്ങിയ ഇനങ്ങളിൽ വാശിയേറിയ മത്സരങ്ങൾ നടന്നു. വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.



രണ്ടുദിവസങ്ങളിലായി നടന്ന സ്കൂൾ സ്പോർട്സ് വിവിധയിനങ്ങളിലായി നിരവധി വിദ്യാർഥികളാണ് പങ്കെടുത്തത്. മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റ് ട്രോഫി എന്നിവ വിതരണം ചെയ്തു .ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പരിപാടിയുടെ ഷോർട്ട് വീഡിയോ തയ്യാറാക്കുകയും ചെയ്തു.







കലാ, കായിക പരിപാടികൾ, കലാകാരനുമായുള്ള അഭിമുഖം എന്നീ ഡോക്യുമെന്റേഷനുകൾ തയ്യാറാക്കുക ,യൂട്യൂബിൽ ലൈവ് സ്ട്രീം നടത്തുക പ്രമോ വീഡിയോ, എഡിറ്റിംഗ് എന്നീ മേഖലകളിൽ കഴിവുകൾ തെളിയിച്ചു ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ .

# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം



2025 മാർച്ച് 3 തിങ്കൾ പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

## സേവന ,കാരുണ്യ, സാന്ത്വന,രംഗങ്ങളിൽ സ്കൗട്ട് ആൻഡ് ഗൈഡ് എന്നും മുന്നിൽ



### കണ്ണിനു കണ്ണായി സ്കൗട്ട്

കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് പാലക്കാട് ജില്ല കോൺഫറൻസിൽ കർണ്ണകയമ്മൻ ഹയർസെക്കൻഡറി സ്കൂളിലെ സ്കൗട്ട് വിദ്യാർത്ഥികൾ റാലിയിൽ പങ്കെടുത്തു കൊണ്ട് അവരെ സഹായിക്കുകയും , അവർക്ക് വേണ്ട എല്ലാ സേവനങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു .കുട്ടികളുടെ മികച്ച സേവന പ്രവർത്തനത്തിന് വിദ്യാലയത്തിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റിന് ആദരിച്ചു കൊണ്ട് കുട്ടികൾക്ക് സർട്ടിഫിക്കറ്റും നൽകി



വയനാട് ദുരിതാശ്വാസ നിധി സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ നേതൃത്വത്തിൽ എല്ലാ വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുകയും ബന്ധപ്പെട്ട അധികാരികൾക്ക് അത് കൈമാറുകയും ചെയ്തു.





പാലക്കാട് നഗരസഭയുടെ ഒരാഴ്ചയോളം നടന്ന പരിപാടിയുടെ ഭാഗമായി സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾ വിദ്യാലയം മുഴുവൻ ശുചീകരിക്കുക എന്ന ദൗത്യം ഏറ്റെടുത്തു. പല സ്ഥലങ്ങളിലും പോസ്റ്ററുകൾ വെച്ച് ബോധവൽക്കരണവും നൽകി. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പായി കുട്ടികൾ പട്രോൾ മീറ്റിംഗ് കൂടുകയും അതിൽ ചർച്ചകൾ നടത്തുകയും ചെയ്തു.






നവംബർ 19 മുതൽ 25 വരെ പാലക്കാട് fort ൽ നടന്ന ഒരാഴ്ചത്തെ world heritage week celebration നിൽ Scout & Guides വിദ്യാർത്ഥികൾ പങ്കെടുത്തു.ഡ്രോയിങ്, essay, ക്വിസ് എന്നീ മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. Swachhatha campaign ൽ പങ്കെടുത്ത വിദ്യാലയത്തിലെ Scout & guides വിദ്യാർത്ഥികൾ പാലക്കാട് കോട്ടമൈതാനത്തിന്റെ വിവിധ ഭാഗങ്ങൾ വൃത്തിയാക്കി .സർട്ടിഫിക്കറ്റ് നേടി

# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം



2025 മാർച്ച് 3 തിങ്കൾ    പ്രസിദ്ധീകരിക്കുന്നത്   ലിറ്റൽ കൈറ്റ്സ്

## ഉന്മേഷവും ഉത്സാഹവും നിറച്ചുകൊണ്ട് പഠന യാത്രകൾ





Scout and guides ആലത്തൂർ വാവ്വ മലയിലേയ്ക്ക് hike, നടത്തി. 150 വിദ്യാർത്ഥികളുമായി രാവിലെ 10 മണിക്ക് യാത്ര തിരിച്ചു. **വാവ്വ മല** കയറുകയും തീയില്ലാത്ത വിഭവങ്ങൾ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നൽകിയ ശേഷം വിദ്യാർത്ഥികളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. അന്നേ ദിവസം **പോത്തുണ്ടി ഡാം** എന്നിവയും വിസിറ്റ് ചെയ്തു

20/11/24 ന് പത്താം തരത്തിന്റെ study tour നായി **മൈസൂർ കൂർഗ്** എന്നീ സ്ഥലങ്ങളിലേക്ക് യാത്ര തിരിച്ചു. 23/11/24 ന് തിരിച്ചെത്തി. garden , Palace ,മ്യൂസിയം, forest, dam എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു








വിദ്യാലയത്തിലെ 8 , 9 ക്ലാസുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ട **മലമ്പുഴ ഫാന്റസി** പാർക്കിലേക്ക് വിനോദയാത്ര നടത്തി. നൂറോളം വിദ്യാർത്ഥികൾ ആണ് പങ്കെടുത്തത്

ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ ഹയർസെക്കന്ററി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയിൽ കുട്ടികൾ പങ്കെടുത്തു.പാലക്കാട് കൂട്ടുപാതയിലെ **മാലിന്യ സംസ്കരണ പ്ലാന്റ്** സന്ദർശിച്ചു. മാലിന്യ രഹിത പാലക്കാട് എന്ന ലക്ഷ്യം നേടാനായി നടത്തിയ ക്ലാസ്സിൽ ബയോമൈനിങ്, നാപ്കിൻ ഇൻസിനരറേറ്റർ, ജൈവ മാലിന്യങ്ങളിൽ നിന്നും കമ്പോസ്റ്റ് നിർമ്മിക്കുന്ന രീതി എന്നിവ മെഷീനുകളുടെ സഹായത്തോടെ വിശദീകരിച്ചു. വിജ്ഞാനപ്രദമായ ഫീൽഡ് ട്രിപ്പ് കുട്ടികൾ ആസ്വദിച്ചു.

ജൈവവൈവിധ്യ പഠനത്തിന്റെ ഭാഗമായി **മലമ്പുഴ ഉദ്യാനത്തിലേക്ക്** അമ്പതോളം വിദ്യാർത്ഥി വിദ്യാർഥിനികൾ അദ്ധ്യാപകരോടൊപ്പം പഠനയാത്ര നടത്തി. ഉദ്യാനത്തിലെ ഫ്ലവർഷോ കുട്ടികൾക്ക് ആനന്ദകരമായി.



കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം

19

2025 മാർച്ച് 3 തിങ്കൾ          പ്രസിദ്ധീകരിക്കുന്നത്    ലിറ്റൽ കൈറ്റ്സ്


## അറിവ് നേടാം പ്രാവർത്തികമാക്കാം - വിവിധതരം ബോധവൽക്കരണ ക്ലാസുകൾ നടന്നു



**സൈബർ സെക്യൂരിറ്റി**

സൈബർ സെക്യൂരിറ്റിയെ കുറിച്ചും നമ്മൾ ബോധവാന്മാരായിരിക്കണം എന്നതിനെക്കുറിച്ചും ഒരു ക്ലാസ് ലിറ്റിൽ Kites ന്റെ നേതൃത്വത്തിൽ നടത്തി.2022 -25 ബാച്ചിലെ വിദ്യാർത്ഥികളാണ് ക്ലാസുകൾ സംഘടിപ്പിച്ചത്.

### ഫയർ ആൻഡ് സേഫ്റ്റി ക്ലാസ്സ്

ട്രെയിനിങ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ഫയർ ആൻഡ് സേഫ്റ്റി ക്ലാസ്സ് സ്കൗട്ട് ആൻഡ് ഗൈഡ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകി.





**കൗമാര പ്രായക്കാർ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും** എന്ന വിഷയത്തിൽ ഡോക്ടർ അഞ്ജന രാജ് ഒൻപതാം തരം വിദ്യാർത്ഥി കൾക്കായി ബോധവൽക്കരണ ക്ലാസ്സ് നടത്തി.കൗമാരപ്രായത്തിലെ ശാരീരിക, മാനസിക വൈകാരിക മാറ്റങ്ങൾ,ആരോഗ്യ ശീലങ്ങൾ, സൈബർ സ്പേസ്, ലഹരി ആസക്തി തുടങ്ങി വിവിധ കാര്യങ്ങൾ ചർച്ച ചെയ്തു. കുട്ടികൾ സംശയ നിവാരണത്തിനും സമയം കണ്ടെത്തി.



Drug awarness class

Holy family training teachers ന്റെ നേതൃത്വത്തിൽ നടത്തി. 8, 9 ,10 ക്ലാസ്സുകാർക്കാണ് ബോധവത്ക്കരണ ക്ലാസ്സ് നടത്തിയത്. വിമുക്തി co.ordinator Arun kumar. V ആണ് class നയിച്ചത്.



**ഹെൽത്ത് ചെക് അപ്പ്** നടത്തി . കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്ന് വിദ്യാർത്ഥികളുടെ ഹെൽത്ത് issues കണ്ടുപിടിക്കുന്നതിനായി ഒരു screening test നടത്തി ഇതിലൂടെ കുട്ടികളുടെ ഹെൽത്ത് വിവരങ്ങൾ ശേഖരിച്ച് വയ്ക്കാൻ സാധിച്ചു.



### പേവിഷബാധ-ബോധവത്കരണ ക്ലാസ്സ്

പേവിഷബാധയെ കുറിച്ച് ഒരു അവബോധം ഉണ്ടാകുന്നതിനായി പാലക്കാട് ഹെൽത്ത് ഡിപ്പാർട്മെന്റിൽ നിന്നും ഉദ്യോഗസ്ഥർ എത്തി. കർണകി റേഡിയോ ചാനൽ വഴി ബോധവത്കരണ ക്ലാസ്സ് നൽകിയത് ദീപ മാഡം ആണ്

# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം

20

2025 മാർച്ച് 3 തിങ്കൾ        പ്രസിദ്ധീകരിക്കുന്നത്   ലിറ്റൽ കൈറ്റ്സ്


## കൂടെ കൂട്ടാം – ഒന്നായി വളരാം ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ



### രക്ഷിതാക്കൾക്ക് വേണ്ടി E –സാക്ഷരത ക്ലാസ്സ്

ലിറ്റിൽ കൈറ്റ്സ് 24 –25 ബാച്ച് വിദ്യാർത്ഥികൾ രക്ഷിതാക്കൾക്ക് വേണ്ടി ഈ സാക്ഷരത ക്ലാസ്സ് നടത്തി പരിപാടിയിൽ അധ്യക്ഷത വഹിച്ചത് എച്ച് എം നിഷ ടീച്ചർ ആയിരുന്നു. ഉച്ചയ്ക്ക് 12 മുതൽ നാലു വരെ നടന്ന ക്ലാസ്സിൽ10 രക്ഷിതാക്കൾ പങ്കെടുത്തു. നോട്ടീസ് തയ്യാറാക്കൽ, മലയാളം ടൈപ്പിംഗ്, ഇമെയിൽ അയക്കുക എന്നിവ ക്ലാസ്സിൽ ഉൾപ്പെടുത്തി.

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളായ നേഹ , മണികണ്ഠൻ എന്നിവർ **മലയാളം ടൈപ്പിംഗ് ക്ലാസുകൾ മറ്റുള്ള കുട്ടികൾക്കും** ക്ലാസുകൾ എടുത്ത് കൊടുക്കുന്നു.



### സ്വതന്ത്ര്യ സോഫ്റ്റ് വെയർ പ്രചരണ പരിപാടികൾ

ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ നടത്തി. 2022–25 ബാച്ചിലെ കൈറ്റ്സ് വിദ്യാർത്ഥികൾ കെ എസ് ബി എസ് .യു പി സ്കൂളിലേക്ക് പോകുകയും അവിടെ ഉബണ്ടു എന്ന സോഫ്റ്റ്വെയറിനെ കുറിച്ചും അതിലുള്ള അപ്ലിക്കേഷൻ സോഫ്റ്റ്വെയർ LK വിദ്യാർത്ഥികൾ പഠിച്ച അനിമേഷൻ പ്രോഗ്രാമിംഗ് ,പോസ്റ്റർ നിർമ്മാണം എന്നിവയെക്കുറിച്ചും റോബോട്ടിക്സിനെക്കുറിച്ചും ക്ലാസുകൾ നൽകി .



### ഭിന്നശേഷി വിദ്യാർഥികൾക്കായി E – സാക്ഷരത ക്ലാസ്സ്

little kites 2022–25 വിദ്യാർത്ഥികൾ രാവിലെ 10to12 മണി വരെ ഭിന്നശേഷി വിദ്യാർഥികൾക്കായിE – സക്ഷരത ക്ലാസ്സ് IT lab വെച്ച് നടത്തി. 15 IED വിദ്യാർഥികൾ ആണ് ക്ലാസ്സിൽ പങ്കെടുത്തത്. സ്പെഷ്യൽ എഡ്യൂക്കേറ്റർ അദ്ധ്യാപിക വിദ്യ ടീച്ചർ kites അദ്ധ്യാപകർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. പ്രധാന അദ്ധ്യാപിക k v നിഷ ടീച്ചർ സ്വാഗതം പറഞ്ഞു. ഡിജിറ്റൽ പെയിന്റിംഗ്, Liber office writter ൽ ടൈപ്പിങ് എന്നിവ ക്ലാസ്സിൽ ഉൾപ്പെടുത്തി






സബ്ജില്ലാ , ജില്ല LK ക്യാമ്പുകളിൽ പങ്കെടുത്ത വിദ്യാർത്ഥികൾ അവർ പഠിച്ച അനിമേഷൻ പ്രോഗ്രാമിംഗ് റോബോട്ടിക്സ് എന്നിവയിലെ **കൂടുതൽ അറിവുകൾ തന്റെ സഹപാഠികളുമായി പങ്കുവയ്ക്കുന്നതിന് വേണ്ടി പ്രത്യേകം ക്ലാസുകൾ** അറേഞ്ച് ചെയ്തു . ലിറ്റിൽ കൈറ്റ്സ് അല്ലാത്ത വിദ്യാർത്ഥികൾക്കും ഇതിലെ പ്രവർത്തനങ്ങൾ അറിയുന്നതിനുള്ള അവസരവും ഇതിലൂടെ ലഭിച്ചു.



# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം



2025 മാർച്ച് 3 തിങ്കൾ        പ്രസിദ്ധീകരിക്കുന്നത്   ലിറ്റൽ കൈറ്റ്സ്


## ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നടത്തിയ റോബോട്ടിക് ഫെസ്റ്റ് ശ്രദ്ധേയമായി








എൽ കെയുടെ നേതൃത്വത്തിൽ റോബോ എക്സ്പോ ഉദ്ഘാടനം ചെയ്തത് ശ്രീമതി അജിതാ വിശ്വനാഥൻ kite ജില്ലാ കോഡിനേറ്റർ ആണ് അധ്യക്ഷൻ ശ്രീ യു കൈലാസമണി സ്കൂൾ മാനേജർ, H M നിഷ ടീച്ചർ Kite അധ്യാപിക എന്നിവർ ആശംസകൾ പറഞ്ഞു 16 റോബോട്ടുകൾ ആണ് തയ്യാറാക്കിയത് ജില്ലാ ക്യാമ്പ് വരെ സെലക്ഷൻ കിട്ടിയ വിദ്യാർത്ഥികൾ അവർക്ക് ജില്ലയിൽ നിന്ന് പഠിച്ച product കൾ expo യിൽ പ്രദർശിപ്പിച്ചു.



BMI ROBO, VOTING ROBO, QUIZ, GHOST ROBOഎന്നിങ്ങനെ വിവിധതരം robo കൾ ശ്രദ്ധയാകർഷിച്ചു യുപി സ്കൂളിൽ നിന്നും കുട്ടികൾ പ്രദർശനം കാണാനായി എത്തിയിരുന്നു .

### ജില്ലാ ക്യാമ്പ് വരെയും സെലക്ഷൻ ലഭിച്ച വിദ്യാർത്ഥികളെ പിടിഎ അവാർഡുകൾ നൽകി ആദരിച്ചു





ശ്രീശാന്ത്, ശ്രീകേഷ് അഭിഷേക് ,വൈശാഖ്, എന്നിവർക്കാണ് അവാർഡുകൾ നൽകിയത്

2022 –25 ,2023– 26 ബാച്ചുകളിലെ വിദ്യാർത്ഥികൾ ജില്ല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിൽ പങ്കെടുത്തിരുന്നു. ജില്ലാ ക്യാമ്പ് വരെയും സെലക്ഷൻ ലഭിച്ച വിദ്യാർത്ഥികളെ പിടിഎ അവാർഡുകൾ നൽകി ആദരിച്ചു .

### വിപഞ്ചിക ഡിജിറ്റൽ മാഗസിൻ പ്രകാശനം




2023 –26 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ വിപഞ്ചിക ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി. അതിന്റെ പ്രകാശന കർമ്മം നിർവഹിച്ചത് ജില്ലാ കോഡിനേറ്റർ അജിത വിശ്വനാഥൻ ആണ് . വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികൾ ഓരോ പേജിലേക്കും ലയവിന്യസ ത്തോടുകൂടി ഡിജിറ്റൽ പെയിന്റിങ് ചേർത്തുകൊണ്ട് വളരെ ആകർഷകമായാണ് വിപഞ്ചിക ഡിജിറ്റൽ മാഗസിൻ തയ്യാറായത്



# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

# കർണ്ണികാരം പത്രം



2025 മാർച്ച് 3 തിങ്കൾ | പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ക്യാമ്പ്



2024 അധ്യയന വർഷത്തിൽ 2023 – 26 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കുള്ള യൂണിറ്റ് ക്യാമ്പ് മിഷൻ സ്കൂളിലെ കൈറ്റ് മിസ്റ്റർ ആയ ഡോണാ ജോസ് വടക്കൻ ആണ് ക്യാമ്പിന് നേതൃത്വം വഹിച്ചത് . എച്ച് എം ഉദ്ഘാടനം ചെയ്തു. ബാച്ചിലെ 43 വിദ്യാർത്ഥികളിൽ 40 പേർ ക്യാമ്പിൽ പങ്കെടുത്തു .അനിമേഷൻ,സ്ക്രാച്ച് എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഓണത്തിന്റെ ആശംസ കാർഡുകൾ തയ്യാറാക്കുവാനും വീഡിയോ തയ്യാറാക്കാനും ഈ ക്യാമ്പിലൂടെ കുട്ടികൾ കഴിവ് നേടി. ക്യാമ്പിൽ നിന്ന് 8 കുട്ടികൾ ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ നേടി



മേഴ്സി കോളേജിൽ വച്ച് നടന്ന റോബോട്ടിക് എക്സ്പോ കാണുന്നതിനായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ എക്സിബിഷൻ വിസിറ്റ് ചെയ്തു .

## ലിറ്റിൽ കൈറ്റ്സിന്റെ expert ക്ലാസ്സ്



ലിറ്റിൽ കൈറ്റ്സിന്റെ expert ക്ലാസ്സിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ കുറിച്ചും ഡാറ്റാബേസിനെക്കുറിച്ചുള്ള ക്ലാസുകൾ നടത്തി. ശ്രീകൃഷ്ണപുരം എൻജിനീയറിങ് കോളേജ് വിദ്യാർത്ഥിയായ ശ്യാം കൃഷ്ണനാണ് ക്ലാസ്സെടുത്തത് .mandala ആർട്ടിനെ കുറിച്ചും അതെങ്ങനെയാണ് ഡിജിറ്റൽ ആയി ink scapeഎന്ന സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുക എന്നതിനെ കുറിച്ചുള്ള expert class anoop സാറിന്റെ നേതൃത്വത്തിൽ എൽ കെ വിദ്യാർഥികൾക്കായി നടത്തി 2023 – 26, 2024 – 25 ക്ലാസിലെ വിദ്യാർത്ഥിക







ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം HM നിഷ ടീച്ചർ നിർവഹിച്ചു. 40 കുട്ടികൾക്കാണ് യൂണിഫോം നൽകിയത്. സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള യൂണിഫോം സ്കൂൾ പിടിഎ നൽകി



School innovative Marathon ൽ പങ്കെടുത്ത LK വിദ്യാർത്ഥികൾക്ക് participation സർട്ടിഫിക്കറ്റ് വിതരണം അസംബ്ലിയിൽ നടത്തി. 5 team ആണ് idea submmit ചെയ്തിട്ടുള്ളത്..



ലിറ്റിൽ കൈറ്റ്സ് സബ്ജില്ല ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾ



സബ് ജില്ലാ കലോത്സവം ഡോക്യുമെന്റേഷൻ

LK – SCORE VERIFICATION

2022 –25 ബാച്ചിലെ LK വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സ്കോർ നൽകുന്നതിനും വേണ്ടി എം ടി സിന്ദു ടീച്ചർ.സ്കൂളിൽ വിസിറ്റ് ചെയ്യുകയും കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.





കർണ്ണിക റേഡിയോയിലൂടെ ബോധവൽക്കരണ

കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം

23

2025 മാർച്ച് 3 തിങ്കൾ    പ്രസിദ്ധീകരിക്കുന്നത്   ലിറ്റൽ കൈറ്റ്സ്

## ഇടനേരം – ഫുഡ് ഫെസ്റ്റ് സ്കൗട്ട് ആൻഡ് ഗൈഡ് നേതൃത്വത്തിൽ





ഫുഡ് ഫെസ്റ്റ് ഗൈഡ്സ് ആൻഡ് സ്കൗട്ടിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഉദ്ഘാടനം ഗൈഡ്സ് ജില്ലാ കോർഡിനേറ്റർ ലതിക ടീച്ചർ ആണ് നിർവഹിച്ചത്. വ്യത്യസ്തവും ആരോഗ്യപ്രദമായ വിവിധങ്ങളായ വിഭവങ്ങളാണ് കുട്ടികൾ മേളയിൽ വച്ചിരുന്നത്



### പ്രഥമ സോപാൻ പരീക്ഷ

സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ പ്രഥമ സോപാൻ പരീക്ഷ 47 വിദ്യാർത്ഥികൾ എഴുതി. ഗ്രൂപ്പ് തല പ്രവർത്തനമായി കെട്ടുകൾ, ബിപി എക്സസൈസ് എന്നിവ പരിശോധിച്ചു.

### 75 – വാർഷികം സ്കൗട്ട് ആൻഡ് ഗൈഡ്സ്

സ്കൗട്ടിന്റെ 75 വാർഷിക ദിനത്തിന്റെ ഭാഗമായി വിദ്യാലയത്തിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് ലേ 150 ഓളം കുട്ടികൾ ഒത്തുചേർന്നു സ്കൂൾ മുറ്റത്തു 75 എന്നാ മാതൃക പ്രദർശിപ്പിച്ചു.



അന്നേ ദിവസം DEO, AEO. DIET അംഗങ്ങൾ നടത്തിയ സ്കൂൾ വിസിറ്റിൽ സ്കൗട്ടിൽ jota joti ൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകി





### ജില്ലാ പരിശീലന കേന്ദ്രത്തിന്റെ നവീകരണ ഉദ്ഘടനത്തിൽ

കാക്കയൂരിൽ നടന്ന ജില്ലാ പരിശീലന കേന്ദ്രത്തിന്റെ നവീകരണ ഉദ്ഘടനത്തിൽ കേരള ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ന്റ കൈത്താങ് ആയ വിദ്യാലയ മാനേജർ ശ്രീ യു കൈലാസമണിയെ ആദരിച്ചു.രാജ്യ പുരസ്കാർ ലഭിച്ച വിദ്യാർത്ഥികളെയും , നാഷണൽ ജാംബൂരിയിൽ പങ്കെടുത്ത വിദ്യാർത്ഥികളെയും , പാലക്കാട് ജില്ല സ്കൗട്ട് ആൻഡ് ഗൈഡ്സ് ആദരിച്ചു.













റിപ്പബ്ലിക് ദിന പരേഡിൽ മികച്ച പരേഡിനുള്ള സമ്മാനം മന്ത്രി കൃഷ്ണൻ കുട്ടിയിൽ നിന്നും ഏറ്റുവാങ്ങുന്നു



# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ

മൂത്താന്തറ

## കർണ്ണികാരം പത്രം

2025 മാർച്ച് 3 തിങ്കൾ — പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്




## വിവിധ ദിനാചരണങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ



ശ്രീകേഷ് ബെസ്റ്റ് ഔട്ട് ഗോയിങ് സ്റ്റുഡന്റ് ഉള്ള ക്യാഷ് അവാർഡ് പ്രിൻസിപ്പാളിൽ നിന്നും സ്വീകരിച്ചു



ശ്വേത ബെസ്റ്റ് ഔട്ട് ഗോയിങ് സ്റ്റുഡന്റ് ഉള്ള ക്യാഷ് അവാർഡ് സ്കൂൾ പ്രധാനാധ്യാപിക യിൽ നിന്നും സ്വീകരിച്ചു



### REPUBLIC DAY

26/1/25 ന് സ്കൂൾ പതാക ഉയർത്തൽ, പ്രത്യേക പരിപാടി എന്നിവ നടന്നു.

**ഹെൽത്ത് ആൻഡ് ഹൈജീൻ എന്ന വിഷയവുമായി ബന്ധപ്പെട്ട് സയൻസ് ഡിപ്പാർട്ട്മെന്റ് നടത്തിയ ക്വിസ് പ്രോഗ്രാമിൽ**

**സഞ്ജയ് കൃഷ്ണ ഒന്നാം സ്ഥാനവും,കാർത്തിക രണ്ടാം സ്ഥാനവും,ശ്രീകേഷ് മൂന്നാം സ്ഥാനത്തിനും അർഹരായി**





### AIDS DAY

ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് ഗൈഡ്സ്, സ്കൗട്ട്, JRC എന്നീ വിഭാഗത്തിലെ വിദ്യാർത്ഥികൾ ചേർന്ന് AIDS DAY എന്ന മാതൃകയിൽ സ്കൂൾ മുറ്റത്ത് നിന്ന . എയ്ഡ്സ് സി നെതിരെ ഒരു ബോധവൽക്കരണത്തിനായി തെരുവ് നാടകം സ്കൂൾ അങ്കണത്തിൽ പ്രദർശിപ്പിച്ചു .



### ലോക ഭിന്നശേഷി ദിനം

ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു.ഭിന്ന ശേഷി വിദ്യാർഥികളാണ് prayer, pledge എന്നിവ പറഞ്ഞത്. മാത്രമല്ല അവരുടെ പ്രത്യേക കലാപരിപാടികളും നടന്നു അവർക്കുള്ള സമ്മാനവിതരണവും നടത്തി.





### ഗാന്ധിജയന്തി E-സർട്ടിഫിക്കറ്റ്

ഗാന്ധിജയന്തിയോട് അനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് ടീം ഓൺലൈനായി ഗൂഗിൾ ഫോമിലൂടെ ഗാന്ധിജയന്തി ക്വിസ് മത്സരം നടത്തുകയും അതിൽ 80 ശതമാനത്തിനും മുകളിൽ മാർക്ക് കിട്ടിയവർക്ക് ഓട്ടോമാറ്റിക്കായി E-mail വഴി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഒക്ടോബർ 2 ,3 , ദിവസങ്ങളിലായി 500 ഓളം വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടിയത്


KARNAKAYAMMAN HIGHER SECONDARY SCHOOL
PALAKKAD
CERTIFICATE
OF APPRECIATION
This certificate is awarded to :
PRASEEJA. R
For active participation in the
GANDHI JAYANTI QUIZ
Held on 2/10/2024
We extend our Heartfelt congratulation for their enthusiasm and dedication throughout the event.
LITTLE KITES
THE KERALA STATE
BHARAT SCOUT & GUIDES



### കേരളപ്പിറവി

കേരളപ്പിറവിയുടെ അനുബന്ധിച്ച വിദ്യാരംഗം കലാസാഹിത്യ വേദി മോഹിനിയാട്ടം എന്ന കലാരൂപം പ്രദർശിപ്പിച്ചു. കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ ഒന്നായ മോഹിനിയാട്ടത്തെ കുറിച്ച അതിന്റെ മുദ്രകളെ കുറിച്ചും രേഷ്മ രഘു കുട്ടികൾക്ക് വിശദമായി ക്ലാസുകൾ നൽകി

# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം




2025 മാർച്ച് 3 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

## ലക്ഷ്യത്തോടെ - പ്രവർത്തനം




### കരിയർ ഗൈഡൻസ് അഡോളിസന്റ് കൗൺസിലിംഗ് ദിശ - 2024

പാലക്കാട് വിദ്യാഭ്യാസ ജില്ല നയിക്കുന്ന കരിയർ ഗൈഡൻസ് ആൻഡ് അഡ്ലർ സെന്റ് കൗൺസിലിംഗ് സെൽ ദിശ 2024 ഗവൺമെന്റ് ബിഗ് ബസാറിൽ വച്ച് നടന്ന ഈ പരിപാടിയിൽ കർണ്ണകയമ്മൻ സ്കൂളിലെ നൂറോളം പത്താംതരം വിദ്യാർഥികൾ പങ്കെടുത്തു.samson sebastain സാർ SSLC ക്ക് ശേഷം എടുക്കേണ്ട കോഴ്സ് കളെ കുറിച്ച് സെമിനാർ എടുത്തു.

### ഗൃഹ സന്ദർശനം

പഠന നിലവാരം മെച്ചപ്പെടുത്തേണ്ട വിദ്യാർത്ഥികളുടെ വീട്ടിലേക്ക് അധ്യാപകർ സന്ദർശിച്ച .രക്ഷിതാക്കളുമായി കൂടിക്കാഴ്ച നടത്തി.



### E പത്രം പ്രകാശനം

സ്കൂൾ കലോത്സവ വേദിയിൽ വച്ച് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ പത്രം ബഹുമാനപ്പെട്ട HM കെ വി നിഷ ടീച്ചർ കലോത്സവ വേദിയിൽ പ്രസിദ്ധീകരിച്ചു.



### മോട്ടിവേഷൻ ക്ലാസ് കരിയർ ഗൈഡൻസ്

പത്താംതരം വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് കരിയർ ഗൈഡൻസ് ക്ലാസ് എന്നിവ നടത്തി. ജോൺ ലാൽ സാറാണ് ക്ലാസ് എടുത്തത് .പത്താം ക്ലാസ് അധ്യാപകർ നേതൃത്വം വഹിച്ചു .



### ഫുട്ബോൾ സെലക്ഷൻ



ഓരോ ക്ലാസിലെയും ഫുട്ബോൾ സെലക്ഷൻ കിട്ടിയ കുട്ടികളെ ടീം ആക്കി class wise ഫുട്ബോൾ നടത്തി ഒമ്പതാം ക്ലാസ്സിൽ 9 ബി കുട്ടികളും, എട്ടാം ക്ലാസിൽ 8b കുട്ടികളും വിജയികളായി

സബ്ജില്ല ശാസ്ത്രോത്സവം, സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ദ്വിതിയ സോപാൻ ടെസ്റ്റ് ക്യാമ്പ് , രാജപുരസ്കാർ ടെസ്റ്റ് ക്യാമ്പ് , എന്നിവ കണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂളിൽ വച്ചാണ് നടത്തിയത്



### ENGLISH ASSEMBLY



The curtain call of Aspire english club was the english assembly conducted on January 9th, 2025. Majority of the students got opportunity to present their talents.The assembly started with a prayer, followed by pledge as its usual protocol.Gopika from 10th C updated the audience with the day's news. Nithin from 10th .D and kousthubha from 10th .C wonderfully presented, proverb expansion and vocabulary enrichment for students.Far from being outdone, Nivedya from 8 th .D made a stellar debut performance in introducing an author.The occasion also witnessed the unveiling of the creative magazine "Allura", spearheaded by class 9th.CThe prize giving ceremony for collage and news reading contests was the highlight of the assembly, celebrating the creativity and talent of the students.The assembly concluded with a vote of thanks, eloquently delivered by sreedevika of class 9th c

# കർണ്ണകയമ്മൻ ഹയർ സെക്കന്ററി സ്കൂൾ
മൂത്താന്തറ

# കർണ്ണികാരം പത്രം




2024 മാർച്ച് 3 തിങ്കൾ

പ്രസിദ്ധീകരിക്കുന്നത് ലിറ്റൽ കൈറ്റ്സ്

## ഞങ്ങളുടെ അഭിമാന താരങ്ങൾ




കോഴിക്കോട് നടന്ന സംസ്ഥാന പഞ്ചഗുസ്തി മത്സരത്തിൽ 70 കിലോ ജൂനിയർ വിഭാഗത്തിൽ റൈറ്റ് ഹാൻഡിൽ സ്വർണവും ലെഫ്റ്റ് ഹാൻഡിൽ വെള്ളിയും നേടിയ പി അഭിഷേക് പത്താം ക്ലാസ് വിദ്യാർത്ഥിയാണ് .വാർഡ് കൗൺസിലർ സജിത സുബ്രഹ്മണ്യൻ, ബേബി എന്നിവർ ആദരിച്ചപ്പോൾ



പാലക്കാട് സബ് ജില്ലാ ക്രിക്കറ്റ് മത്സരത്തിൽ കർണ്ണകയമ്മൻ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ മൂന്നാം സ്ഥാനം നേടി



വിദ്യാരംഗം കലാസാഹിത്യ വേദിയുടെ കഥാ രചനാ മത്സരത്തിൽ 8E ക്ലാസിലെ വൈഷ്ണവിയെ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുത്തു .

## മാരത്തോൺ റാലി



സ്വച്ഛത ഭാരത് എന്ന വിഷയവുമായി ബന്ധപ്പെട്ട് പാലക്കാട് മുൻസിപ്പാലിറ്റി സൈക്കിൾ റാലി നടത്തുകയും. അതിൽ ലിറ്റിൽ കൈറ്റ്,സ്കൗട്ട് ഗൈഡ്സ് , ജെ ആർ.സി എന്നീ വിഭാഗങ്ങളിലെ കുട്ടികൾ പങ്കെടുക്കുകയും സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു.

## 5000 രൂപ സ്കോളർഷിപ്പ് ലഭിച്ചു



Central Sanskrit University New Delhi നൽകുന്ന സംസ്കൃതം സ്കോളർഷിപ്പ് തുക 5000 രൂപയ്ക്ക് അർഹരായവർ divya,karthika.k,karthika.s,adwaith k priyan,, hariharan.nithin



## സുഗമ ഹിന്ദി പരീക്ഷ

25/1/25 ന് സുഗുമ ഹിന്ദി പരീക്ഷ നടത്തി 43 വിദ്യാർത്ഥികളാണ് പങ്കെടുത്തത് ഹിന്ദി ക്ലബ്ബാണ് നേതൃത്വം ഏറ്റെടുത്തത്.



സബ്ജില്ലാ ശാസ്ത്രമേളയിൽ വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ട് സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് ചെയ്തുവന്ന സേവന പ്രവർത്തനങ്ങൾ ഏറ്റവും മികച്ചതായതിനാൽ അവർക്ക് ആദരവ് നൽകി.



സ്കൂളിന്റെ പ്രവർത്തനങ്ങൾ കാണിച്ചുകൊണ്ട് സ്കൂളിന്റെ സ്വന്തം കലണ്ടർ LK വിദ്യാർഥികൾ തയ്യാറാക്കി .